LIBRARY ARCHIVES Kerala Legislative Assembly

(10) ഡാമുകളിൽ ജലം നിറഞ്ഞ സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് കുറയ്ക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്: സർ, മഴ കുറഞ്ഞതിനാൽ ജല സംഭരണികളിൽ വൈദ്യുതി ഉല്പാദനത്തിന് ആവശ്യമായ വെള്ളം ഇല്ലാത്തതിന്റെ പേരിൽ 2002 നവംബറിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 50 പൈസ വർദ്ധിപ്പിച്ച നടപടി ഈ തവണ കനത്ത മഴ ലഭിച്ച സാഹചര്യത്തിൽ ഉടൻ പിൻവലിക്കണം. ജലദൗർലഭ്യം കാരണം 2002-ൽ 50 പൈസ വർദ്ധിപ്പിക്കുമ്പോൾ നല്ല മഴ ലഭിച്ചാൽ ഉടൻ അത് പിൻവലിക്കുമെന്നു അന്നത്തെ വൈദ്യുതിമന്ത്രി സംസ്ഥാനത്തെ ജനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നതാണ്. 1987-നുശേഷം ഏറ്റവും നല്ല മഴ ലഭിച്ച സാഹചര്യത്തിൽ 2002-ൽ വർദ്ധിപ്പിച്ച 50 പൈസ ഉടൻ ഇളവ് ചെയ്യാൻ തീരുമാനിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഊർജ്ജവകുപ്പു മന്ത്രിക്കുവേണ്ടി ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്. അത് സാധാരണമായിട്ടും ആ നിലയിലേ ഉണ്ടാവുകയുള്ളൂ. നേരത്തെ ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ ജൂൺ ഒന്നുമുതൽ ആഗസ്റ്റ് 10 വരെ 3,910 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ ജലം ലഭിച്ചിട്ടുണ്ട്. ആഗസ്റ്റ് 11 മുതൽ മേയ് 31 വരെ മുൻകാല ശരാശരി ജലലഭ്യതയുടെ അടിസ്ഥാനത്തിൽ 2890 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലംകൂടി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. അങ്ങനെ 2005 ജൂൺ മുതൽ 2006 വരെ മൊത്തം 6,800 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം ലഭിക്കുമെന്നാണ് കരുതുന്നത്. താൽക്കാലികമായി ലഭിക്കുന്ന മഴയുടെ ലഭ്യതയെ മാത്രം അടിസ്ഥാനമാക്കി താരിഫ് പുനർനിർണ്ണയിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. അതുകൊണ്ട് അതേക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

(11) വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ ഉയരം കുറഞ്ഞവർക്കുകൂടി നൽകണമെന്ന ആവശ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ശാരീരിക അവശതയനുഭവിക്കുന്ന ഒരു വിഭാഗം ആളുകൾക്കുവേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ഗവൺമെന്റിന്റെയും സമൂഹത്തിന്റെയും അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു കാര്യമാണിത്. പൊക്കം കുറഞ്ഞ ആളുകൾ, കുള്ളന്മാർ എന്നു നമ്മൾ വിളിക്കുന്ന രണ്ടര അടി പൊക്കമുള്ള ആളുകൾ നമ്മുടെ സംസ്ഥാനത്ത് 40,000-ത്തോളമുണ്ട്. ഇതിൽ എസ്.എസ്.എൽ.സി. പാസ്സായ ആളുകളുണ്ട്. പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേഷൻ വരെ പാസ്സായിട്ടുള്ള ആളുകളുണ്ട്. ഒരു സംവരണാനുകൂല്യവും ഇവർക്ക് ലഭിക്കുന്നില്ല. വികലാംഗർക്കു കിട്ടുന്ന സംവരണാനുകൂല്യം ഇവർക്ക് കൊടുക്കേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസ കാര്യത്തിൽ, യാത്ര ചെയ്യുന്ന കാര്യത്തിൽ, ജോലി ലഭിക്കുന്ന കാര്യത്തിൽ, ഒക്കെ ഇവർക്ക് സംവരണം കൊടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ 30-ാം